# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4502 | 22.07.2015-ൽ മറുപടിയ്ക്ക്

## ദേവാലയങ്ങളിൽ നടന്ന കവർച്ചകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് എത്ര ദേവാലയങ്ങളിൽ കവർച്ച നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാരിന്റെ കാലത്ത് 3 (തിരുവനന്തപുരം-1, മലപ്പുറം-2) ദേവാലയ കവർച്ച കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കവർച്ച നടന്ന ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം ദേവാലയങ്ങളുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ; | (ബി) | കവർച്ച നടന്നത് മൂന്ന് ഹിന്ദു ദേവാലയങ്ങളിലാണ് (തിരുവനന്തപുരം സിറ്റി-1, മലപ്പുറം-2). |
| (സി) | ഇവിടങ്ങളിൽ നിന്നും എത്ര രൂപയുടെ വസ്തുവകകൾ കവർന്നിട്ടുണ്ട്; | (സി) | മൂന്ന് കവർച്ചകളിലുമായി ആകെ 45,000/- (നാൽപ്പത്തി അയ്യായിരം രൂപ) രൂപയുടെ വസ്തുവകകൾ കവർച്ച ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്നും പ്രസ്തുത കേസ്സുകളിൽ എത്രയെണ്ണം തീർപ്പായിട്ടുണ്ടെന്നും എത്ര കേസ്സുകൾ അന്വേഷണത്തിൽ ആണെന്നും വ്യക്തമാക്കാമോ; | (ഡി) | ഒരു കേസ് തീർപ്പാക്കിയിട്ടുള്ളതും ടി കേസിലെ ഒരാളെ ശിക്ഷിച്ചിട്ടുള്ളതുമാണ്. ബാക്കി രണ്ട് കേസുകൾ അന്വേഷണത്തിലാണ്. |
| (ഇ) | കാസർഗോഡ് ജില്ലയിലെ പ്രസിദ്ധമായ കമ്മോടത്ത് ഭഗവതീക്ഷേത്രം (വെസ്റ്റ് എംജി) 26-5-2015 ന് കവർച്ച ചെയ്ത വിവരം (ചിറ്റാരിക്കൽ പോലീസ് സ്റ്റേഷൻ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കവർച്ച നടത്തിയവരെ പിടികൂടിയിട്ടുണ്ടോ; എന്തൊക്കെ സാധനങ്ങളാണ് കവർച്ച ചെയ്തതെന്ന് വ്യക്തമാക്കാമോ? | (ഇ) | കാസർഗോഡ് ജില്ലയിലെ പ്രസിദ്ധമായ കമ്മോടത്ത് ഭഗവതിക്ഷേത്രം (വെസ്റ്റ് എം.ജി) 26.05.2015 ന് മോഷണം നടന്ന വിവരം (ചിറ്റാരിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം.200/15) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോഷണം നടത്തിയ ഒന്നാം പ്രതിയെയും, രണ്ടാം പ്രതിയേയും അറസ്റ്റ് ചെയ്തു. മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്യാനുണ്ട്. ഒരു പഞ്ചലോഹ വിഗ്രഹവും, ഒരു ഓട്ടു വിഗ്രഹവുമാണ് മോഷണം ചെയ്യപ്പെട്ടത്. |

സെക്ഷൻ ഓഫീസർ